# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

**2025 - 2026**

ഗവ: എൽ.പി.ബി.എസ്സ്

മലയിൻകീഴ്

# ആമുഖം

കാട്ടാക്കട താലൂക്കിൽ മാധവ കവിയുടെ കാവ്യ സപര്യക്ക് പിറവി നൽകിയ മലയിൻകീഴ് എന്ന കൊച്ചു ഗ്രാമത്തിന്റെ അഭിമാനമായ ഗവൺമെന്റ് എൽ.പി. സ്കൂൾ 1860-ൽ പണവിളാകത്ത് കുടുംബക്കാർ നൽകിയ ഭൂമിയിൽ വെർണാകുലർ എൽ.പി. സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ചു. അത് പിൽക്കാലത്ത് ഏഴാം ക്ലാസ് വരെയാക്കി ഉയർത്തി. നാട്ടുകാരുടെ ശ്രമഫലമായി പണവിളാകം കുടുംബവും കിഴക്കേതിൽ ഇടവിളാകം കുടുംബവും ചേർന്ന് ഗവൺമെന്റ് നൽകിയ ഭൂമിയിൽ 1950-ൽ ഒരു ഗവൺമെന്റ് ഹൈസ്കൂൾ തുടങ്ങി. തുടർന്ന് അഞ്ച് മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകൾ പ്രസ്തുത ഹൈസ്കൂളിനോട് ചേർക്കുകയും ലോവർ പ്രൈമറി വിഭാഗം മാത്രം പഴയ കെട്ടിടത്തിൽ തുടരുകയും ചെയ്തു. അങ്ങനെ 1952 മുതൽ

ആൺകുട്ടികൾക്ക് മാത്രമായി ബോയ്സ് എൽ. പി. എസ് പ്രവർത്തനം ആരംഭിച്ചു. ഇന്ന് മലയിൻകീഴിന്റെ വികസനത്തിന്റെ നാഴികക്കല്ലായി മാറിയിരിക്കുകയാണ് ഈ സ്കൂൾ.

ഈ സ്കൂളിലെ ആദ്യ പ്രഥമാദ്ധ്യാപകൻ മംഗലക്കൽ യോഹവടിയനും ആദ്യ വിദ്യാർത്ഥി ശ്രീധരൻ നായരുമാണ് (ശ്രീമന്ദിരം-വിളവൂർക്കൽ). പ്രശസ്ത സംവിധായകനായ അരവിന്ദന്റെ ആദ്യ സിനിമയിലെ നായകൻ ഡോ. മോഹൻദാസ്, കേരള ഡയബറ്റിക് സെന്റർ ഡയറക്ടർ ഡോ. മോഹനൻനായർ, ഫിഷറീസ് ജോസ് ഇഞ്ചനീർ ഗോപകുമാർ, ചരിത്രകാരൻ ശ്രീ മലയിൻകീഴ് ഗോപാലകൃഷ്ണൻ ഇടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനേകം പ്രശസ്തരായ വ്യക്തികൾക്ക് ജന്മം നൽകിയ ഈ വിദ്യാലയം ഇന്നും പുതുതലമുറയെ വാർത്തെടുക്കുന്നതിൽ പ്രഥമസ്ഥാനം കൈവരിച്ച് മുന്നേറുകയാണ്.

നിലവിൽ പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ (ഇംഗ്ലീഷ് & മലയാളം മീഡിയം) ഉള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. പ്രഥമ അദ്ധ്യാപകൻ ഉൾപ്പെടെ പതിനൊന്ന് (11) പേർ (പ്രഥമ അദ്ധ്യാപകൻ 5 അദ്ധ്യാപകർ, 2 പ്രീപ്രൈമറി അദ്ധ്യാപകർ, ഒരു ആയ, PTCM, Cook) സേവനമനുഷ്ഠിച്ചുവരുന്നു.

# പ്രധാന നേട്ടങ്ങൾ

- 2016-17 അധ്യയന വർഷത്തിൽ സ്കൂളിൽ ജൈവ പച്ചക്കറി കൃഷിയും കരനെല്ല് കൃഷിയും ആരംഭിച്ചു.
- 2017-ലെ പഞ്ചായത്ത് തല മെട്രിക് മേളയിൽ ഒന്നാം സ്ഥാനം ലഭിച്ചു.
- 2017-18-ൽ ശാസ്ത്ര സാഹിത്യ പരിഷത്ത് സംഘടിപ്പിച്ച യുറീക്ക വിജ്ഞാനോത്സവത്തിൽ എൽ.പി. തലത്തിൽ നാടകത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.
- എല്ലാ വർഷവും നടത്തിവരുന്ന L.S.S. പരീക്ഷയിൽ ഈ വർഷം (2024-25) 4 വിദ്യാർത്ഥികൾക്ക് മികച്ച വിജയം കൈവരിക്കാൻ നമ്മുടെ കൊച്ചുമിടുക്കന്മാർക്ക് സാധിച്ചിട്ടുണ്ട്.
- 2024-25 ലെ സബ്ജില്ലാ പ്രവർത്തി പരിചയ മേളയിൽ ചിരട്ടകൊണ്ടുള്ള ഉത്പന്നങ്ങൾക്ക് രണ്ടാം സ്ഥാനവും മരത്തിൽ കൊത്തുപണിക്ക് മൂന്നാം സ്ഥാനവും പങ്കെടുത്ത എല്ലാ കുട്ടികൾക്കും A grade ഉം ലഭ്യമായി.

❀ കാട്ടാക്കട നിയോജക മണ്ഡലം ശ്രീ ഐ. ബി. സതീഷ് എം. എൽ. എ യുടെ നേതൃത്വത്തിൽ നടത്തിയ 'ജൈവ ശൃംഖല' ലഹരി വിരുദ്ധ ക്യാമ്പയിനിൽ GLPSലെ അധ്യാപകരും വിദ്യാർത്ഥികളും പങ്കാളികളായി.

❀ കുട്ടികളിൽ സ്നേഹം, സഹകരണം എന്നിവ വളർത്തുന്നതിന് 'അഭയം' സഹായ പദ്ധതി സ്കൂളിൽ നടപ്പിലാക്കി, ഞങ്ങളുടെ സ്കൂളിലെ അധ്യാപകരുടെ ധനസഹായ കൂട്ടായ്മ ആയ കൈത്താങ്ങ് വഴി നിർധനരായ കുട്ടികൾക്ക് പഠനത്തിനും ചികിത്സയ്ക്കും വേണ്ട സഹായ സഹകരണങ്ങൾ നൽകി വരുന്നു.

പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ടും സന്നദ്ധ സംഘടനകളുടെ സഹായം കൊണ്ടും വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടരാനുള്ള രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് അഭിമാന പൂർവ്വം സമർപ്പിക്കട്ടെ.

ഹെഡ്മാസ്റ്റർ
ജയകുമാർ. J.S.

പി. ടി. എ. പ്രസിഡന്റ്
B.K. ഷാജി.

# പൊതു ലക്ഷ്യങ്ങൾ

- മാറിയ പാഠ്യപദ്ധതിക്കും പാഠപുസ്തകത്തിനും അനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനും വളർച്ചയ്ക്കും സഹായകമായ രീതിയിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ നടത്തുക.
- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ്, എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശക്തിപ്പെടുത്തും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.
- ഓരോ ടേമിലും നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ/ കോർണർ പി.ടി.എ എന്നിവ ചേരും.
- ഒന്നാം ക്ലാസ് മുതൽ 4-10 ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ തയ്യാറാക്കും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്നാശയം മുൻനിർത്തി അറിവുനിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

ശ്രദ്ധ ഉണർവേകും പദ്ധതി വിഷയങ്ങൾ.

Day-1 → പൊതുകാര്യങ്ങൾ / ലഹരി ഉപയോഗത്തിനെതിരെ ബോധവത്കരണം.

Day-2 → റോഡ് നിയമങ്ങൾ, സുരക്ഷിതയാത്ര

Day 3 → വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതവിദ്യാലയ സൗന്ദര്യവത്കരണം.

Day-4 → ആരോഗ്യം, കായികം, വ്യായാമം

Day 5 → ഡിജിറ്റൽ അച്ചടക്കം, മൊബൈൽ ഫോൺ മിത ഉപയോഗം

Day-6 → പൊതുമുതൽ സംരക്ഷണം

Day-7 → പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണത്തിലൂടെ

Day-8 → പൊതു ക്രോഡീകരണം.

ഇതിനായി എല്ലാ അധ്യാപകരെയും PTA, SMC, MPTA അംഗങ്ങളെയും ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

# അക്കാദമികം

## നേട്ടങ്ങൾ.

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
* ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം.
* മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.
* കലാപഠനം, കായികപഠനം, പ്രവൃത്തിപരിചയ പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
* പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
* പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വ്യക്തിഗത സപ്പോർട്ട്
* കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികാസത്തിനും പ്രാധാന്യം.
* എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പഠന രീതികൾ
* സർഗാത്മക കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം.

# പരിമിതികൾ

- → മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- → വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേയ്ക്ക് പൂർണ്ണമായും കുട്ടികളെ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
- → മത്സര പരീക്ഷയിൽ പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- → ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ ഒരുക്കാനായിട്ടില്ല.
- → 20% കുട്ടികൾ പഠന പിന്നോക്കാവസ്ഥ നേരിടുന്നുണ്ട്. ഇത് പരിഹരിക്കാനായിട്ടില്ല.
- → IED കുട്ടികളുടെ പഠന പുരോഗതി സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- → ഗണിത ലാബ്, സയൻസ് ലാബ്, ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമായി വെക്കാൻ കഴിഞ്ഞിട്ടില്ല.
- → കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണക്കുറവ് I.T. പഠനത്തിന് ഒരു പരിമിതിയാണ്.

# Innovative Activity - English

## Aims

- Listens to English words and responds.
- Enrich the vocabulary of students.
- Using simple words and sentences in daily life.
- To develop their language skills, ie listening, speaking, reading and writing.
- Read and comprehend the stories and other books related to English.
- To develop their creative writing skills using simple sentences (3,4)
- Speak English fluently and fearlessly in any situation in their life. (3,4)

| Aim | Activities | Time | Charge |
|---|---|---|---|
| → Listen the English words and simple sentence.<br><br>→ Enrich the students vocabulary<br><br>→ To develop their language skills, ie LSRW | (Class 1, 2)<br>Listen and talk. One word<br>Tr use one english word in each day.<br>eg: flower.<br>Tr repeats the word and use simple sentence about this word.<br>eg: Beautiful flower, lovely flower, etc....<br>Then Tr write the word and related sentence on the board. | Daily classroom activity. | Class Trs. |

| Aim | Activities | Time | charge |
| --- | --- | --- | --- |
| To develop the students language skills, ie, LSRW | (Class 3,4) → Eng Assembly | Once in Month | Class Trs |
| | → Eng Bala sabha | " | |
| To develop creative writing skills | → E cube English | Once in week | language club |
| | → Making magazine, poster, Newspaper, etc... | Monthly | class Tr. |
| Speak English fluently and fearlessly. | → English Fest | February | PTA |
| | → Padanolsavam | March | SMC |